(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രണ്ടാം ഭാഷയായി ഇംഗ്ലീഷ് പേപ്പർ ഒന്നും പേപ്പർ രണ്ടും മാത്രമാണ് നിലവിലുള്ളത്.

**നാടാർ- മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്**

41(441) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. വി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാടാർ-മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക ഓരോ അദ്ധ്യായനവർഷവും ആരംഭിക്കുമ്പോൾ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ കുടിശ്ശികതുക എത്ര എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തുക വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഇനത്തിൽ ഏകദേശം അഞ്ചുകോടി ഏഴുലക്ഷം രൂപ കുടിശ്ശികയുണ്ട്.

(സി) നാടാർ, മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി 236 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കുടിശ്ശികയുടെ ഒരുഭാഗം ഇതിൽനിന്നും വിതരണം ചെയ്യുന്നതാണ്. ബാക്കി വേണ്ടിവരുന്ന തുക അഡീഷണൽ ആതറൈസേഷൻ വഴി കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**റെഡ്ക്രോസ് ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ**

42(442) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ റെഡ്ക്രോസ് ക്ലബ്ബുകൾ സമാരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റെഡ്ക്രോസ് ക്ലബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) റെഡ്ക്രോസ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly